# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1298** | **05/03/2020 ൽ മറുപടിക്ക്**

## കശുമാവ് കൃഷി വ്യാപന പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. എ.പി. അനിൽ കുമാർ

(എ) സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് കശുമാവ് കൃഷി വികസന ഏജൻസി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് ഒരു വർഷം വേണ്ട തോട്ടണ്ടി എത്ര ലക്ഷം ടൺ ആണെന്നും സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനം നിലവിലെത്രയാണെന്നും വിശദമാക്കാമോ;

(സി) ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്ന് അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ദൗർലഭ്യമാണ്. സംസ്ഥാനത്തെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007-ൽ സർക്കാർ രൂപീകരിച്ച ഏജൻസിയാണ് കെ.എസ്.എ.സി.സി. അതുവഴി കശുമാവ് കൃഷിയിൽ തത്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികളായ കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്, മാതൃക കശുമാവിൻ തോട്ടം, അതിസാന്ദ്രത കൃഷി എന്നിവ നടപ്പിലാക്കിവരുന്നു.

1. കശുമാവ് പുതു കൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്കു വിധേയമായി ഒറ്റത്തവണ ധന സഹായമായി നൽകുന്നു.
2. കശുമാവ് തോട്ടം നിർമ്മാണം - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000/- രൂപ നിലം

ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. മുറ്റത്തൊരു കശുമാവ് - കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു.

4. ഹൈഡെൻസിറ്റി പ്ലാന്റിംഗ് - സംസ്ഥാനത്ത് കെ.എസ്.എ.സി.സി. നിലവിൽ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. സംസ്ഥാനത്ത് കൃഷി സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സ്ഥലത്തിനാനുപാതികമായി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കി വരുന്നു.

5. മാതൃക കശുമാവിൻ തോട്ടം - സർക്കാർ, അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിലുള്ള കശുമാവിന്റെ വിവിധ തൈകൾ ഉൾപ്പെടുത്തി മാതൃക തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് കെ.എസ്.എ.സി.സി ലക്ഷ്യമിടുന്നു. പുതിയ ഇനം കൃഷി രീതികളും, കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേക്ക് ആകർഷിക്കുവാനും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടിരിക്കുന്നത്.

ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ കുളത്തുപ്പുഴയിലെ 53 ഹെക്ടർ സ്ഥലത്തും

വനം വകുപ്പിന്റെ കീഴിലുള്ള 18 ഹെക്ടർ സ്ഥലത്തും കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. തരിശ്ശായികിടക്കുന്ന സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഏജൻസിയുടെ ചിലവിൽ ശാസ്ത്രീയമായ രീതിയിൽ കാഷ്യൂ മോഡൽ ഗാർഡൻ സ്ഥാപിക്കുന്നതിന് ശ്രമം നടത്തിവരുന്നു. ഏജൻസിയുടെ പൂർണ്ണനിയന്ത്രണത്തിൽ പത്തുവർഷം കശുമാവ് തൈകൾ വളർത്തിയ ശേഷം ഗാർഡന്റെ പൂർണ്ണ ആവകാശം അതാത് സ്ഥാപനങ്ങൾക്ക് വിട്ടുനൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ജയിൽ വകുപ്പിന്റെ കീഴിൽ നെട്ടുകാൽത്തേരിയിലുള്ള 25 ഏക്കർ സ്ഥലത്ത് കാഷ്യൂമോഡൽ ഗാർഡൻ വരും ദിവസങ്ങളിൽ ഉദ്ഘാടനം ചെയ്യുന്നതാണ്.

കാപ്പെക്സിന്റേയും കശുവണ്ടി വികസന കോർപ്പറേഷന്റേയും കീഴിലുള്ള ഫാക്ടറി കോമ്പൗണ്ടുകളിൽ കശുമാവ് കൃഷിയും കശുമാവ് നഴ്സറിയും മോഡൽ ഗാർഡനും നടത്തി വരുന്നുണ്ട്.

കൂടാതെ കർഷകർക്ക് കശുമാവിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കർഷക പരിശീലന പരിപാടികൾ എന്നിവ നടത്തി കർഷകരെ ഇതിലേക്ക് ആകർഷിക്കുവാനും കൂടുതൽ സ്ഥലത്തേയ്ക്ക് കശുമാവ് കൃഷി വ്യാപിപ്പിക്കുവാനും ഇത്തരം പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്.

സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് ഒരു വർഷം 6 ലക്ഷം ടണ്ണോളം തോട്ടണ്ടി ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ നിലവിലെ ആഭ്യന്തര ഉൽപാദനം എൺപത്തിയെണ്ണായിരത്തോളം ടൺ മാത്രമാണ്.

| | | | |
|---|---|---|---|
| (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുമെന്നത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുന്നത് പ്രാവർത്തികമാക്കിയിട്ടില്ല. കേന്ദ്രസർക്കാരിന്റെയും ബന്ധപ്പെട്ട സംസ്ഥാനത്തിന്റെയും അനുമതി ലഭിക്കുവാനുള്ള തടസ്സം, പാട്ടത്തിന് സ്ഥലം കിട്ടിയാൽ തന്നെ നടീൽ പ്രവർത്തനങ്ങളിൽ തൊഴിലാളികളുടെ ലഭ്യത, കൂലി, മറ്റ് ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള സംഘടനകളുടെ നിലപാട്, തോട്ടണ്ടി ഉൽപ്പാദനം തുടങ്ങുമ്പോൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന തോട്ടണ്ടി പൂർണ്ണമായും കേരള സംസ്ഥാനത്തിന് തന്നെ ലഭ്യമാകുമെന്നതിന് ഉറപ്പില്ലാത്ത അവസ്ഥ തുടങ്ങിയ കാരണങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുന്നതിന് പ്രായോഗികമല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ